**ഗുരുഗോപിനാഥ് നടനഗ്രാമം**
**സാംസ്കാരികവകുപ്പ്, കേരള സർക്കാർ**
**വട്ടിയൂർക്കാവ്, തിരുവനന്തപുരം**
**ഫോൺ – 0471 – 2364771**
Email: secretaryggng@gmail.com, www.gurugopinathnatanagramam.org

പ്രസിദ്ധീകരണത്തിന്

# ഗുരുഗോപിനാഥ് ദേശീയനാട്യപുരസ്ക്കാരം 2021: അപേക്ഷകളും നാമനിർദ്ദേശങ്ങളും ക്ഷണിച്ചു

തിരുവനന്തപുരം: ഇന്ത്യൻ ക്ലാസ്സിക്കൽ നൃത്ത-നാട്യകലകളുടെ വളർച്ചയിൽ ജീവിതമർപ്പിച്ച മുതിർന്ന പ്രതിഭകളെ ആദരിക്കുന്നതിനായി സംസ്ഥാന സാംസ്ക്കാരികവകുപ്പിനുവേണ്ടി ഗുരുഗോപിനാഥ് നടനഗ്രാമം ഏർപ്പെടുത്തിയ 2021-ലെ ഗുരുഗോപിനാഥ് ദേശീയ നാട്യപുരസ്ക്കാരത്തിന് നാമനിർദ്ദേശങ്ങളും അപേക്ഷകളും ക്ഷണിച്ചു.

മൂന്നുലക്ഷം രൂപ, ഫലകം, പ്രശസ്തിപത്രം എന്നിവയടങ്ങുന്നതാണ് ഗുരുഗോപിനാഥ് ദേശീയ നാട്യപുരസ്കാരം. കേന്ദ്രസർക്കാർ അംഗീകരിച്ച ശാസ്ത്രീയ നൃത്ത-നാട്യകലകളിലെ സമഗ്ര സംഭാവനയാണ് പുരസ്ക്കാരത്തിനുള്ള പ്രധാന പരിഗണന.

നൃത്താചാര്യൻ ഗുരുഗോപിനാഥിന്റെ പേരിൽ കേരളത്തിലെ നൃത്ത-നാട്യ പ്രതിഭകൾക്ക് നല്കി വന്ന പുരസ്ക്കാരം 2018ലാണ് ദേശീയ പുരസ്ക്കാരമായി ഉയർത്തിയത്. പ്രശസ്ത മോഹിനിയാട്ടം നർത്തകി ഡോ. കനക് റെലെ, സത്രിയ നർത്തകി പത്മശ്രീ ഇന്ദിര പി പി ബോറ എന്നിവർക്കായിരുന്നു മുൻവർഷങ്ങളിൽ പുരസ്ക്കാരം സമർപ്പിച്ചത്. .

ദേശീയതലത്തിൽ രൂപീകരിച്ച ഒമ്പതംഗ വിദഗ്ദ്ധസമിതി തെരഞ്ഞെടുക്കുന്ന 10 പേരുടെ ലിസ്റ്റിൽ നിന്നും പുരസ്ക്കാര നിർണയ സമിതി ജേതാവിനെ നിശ്ചയിക്കും. പുരസ്ക്കാരത്തിനായി സ്വയം അപേക്ഷിക്കാത്തവർക്കുവേണ്ടി വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും നാമനിർദ്ദേശങ്ങളയയ്ക്കാം.

അപേക്ഷകളും നാമനിർദ്ദേശങ്ങളും ലഭിക്കേണ്ട അവസാന തിയതി **21 ഡിസംബർ 2021**

അയക്കേണ്ട വിലാസം: **സെക്രട്ടറി, ഗുരുഗോപിനാഥ് നടനഗ്രാമം**
വട്ടിയൂർക്കാവ്, തിരുവനന്തപുരം – 695 013
ഫോൺ: +91 - 471 - 2364771
Email : secretaryggng@gmail.com

കൂടുതൽ വിവരങ്ങൾക്ക് : www.gurugopinathnatanagramam.org

സെക്രട്ടറി
9447885632